**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1026** | **05/03/2018-ലെ മറുപടിക്ക്**

## എച്ച്.എസ്സ്.എ (ഇംഗ്ലീഷ്) തസ്തികയിലെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ജോയി: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) വിദ്യാഭ്യാസ വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്സ്.എ (ഇംഗ്ലീഷ്) തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ ; | (എ) എച്ച്.എസ്സ്.എ (ഇംഗ്ലീഷ്) തസ്തികയിൽ റഗുലർ ഒഴിവ് നിലവിലില്ല. 2017-18 ലെ തസ്തിക നിർണ്ണയ പ്രകാരം തസ്തിക നഷ്ടമായ എച്ച്.എസ്സ്.എ (ഇംഗ്ലീഷ്) അദ്ധ്യാപകരിൽ ആറ് പേരെ ഇനിയും ക്രമീകരിക്കേണ്ടതായിട്ടുണ്ട്. നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള നാല് ഒഴിവുകൾ ആയതിലേയ്ക്കായി ഉപയോഗപ്പെടുത്താവുന്നതാണ്. |
| (ബി) നിലവിലുള്ള ഒഴിവുകൾ ജില്ലാന്തര മാറ്റത്തിനായി (ഇന്റർ ഡിസ്ട്രിക്റ്റ് ട്രാൻസ്ഫർ) മാറ്റി വയ്ക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; എങ്കിൽ എത്രയെണ്ണം ; ആയതിനായിട്ടുള്ള അനുപാതം എത്ര; വ്യക്തമാക്കാമോ ; | (ബി) 2017-18 ൽ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി എച്ച്.എസ്സ്.എ (ഇംഗ്ലീഷ്) ഒഴിവുകൾ മാറ്റി വച്ചിട്ടില്ല. അന്തർജില്ലാ സ്ഥലംമാറ്റത്തിന് എച്ച്.എസ്സ്.എ തസ്തികകളിലെ നിലവിലെ അനുപാതം 25% ആണ്. |
| (സി) തിരുവനന്തപുരം ജില്ലയിലെ എച്ച്.എസ്സ്.എ (ഇംഗ്ലീഷ്) തസ്തികയിലെ ഒഴിവുകൾ അടിയന്തിരമായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) റഗുലർ ഒഴിവുകൾ ഇപ്പോൾ നിലവിലില്ല. ഒഴിവുകൾ വരുന്ന മുറയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ